# എ. എൽ. പി. എസ്.
# കൊട്ടാരശ്ശേരി



# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | പാലക്കാട് |
| സ്കൂൾ കോഡ് | : | 21251 |
| സ്കൂളിന്റെ പേര് | : | എ.എൽ.പി.എസ് കൊട്ടാരശ്ശേരി<br>തെക്കേപൊറ്റ പി.ഒ<br>പാലക്കാട് ജില്ല. |
| പിൻകോഡ് | : | 678687 |
| ഫോൺ നമ്പർ | : | 7025609073 |
| ഇ.മെയിൽ അഡ്രസ്സ് | : | alpskottarassery21@gmail.com |
| ഗ്രാമപ്പഞ്ചായത്ത് | : | പുതുക്കോട് |
| വിദ്യാഭ്യാസ ജില്ല | : | |
| സബ്ജില്ല | : | ആലത്തൂർ |
| ക്ലാസ്സുകൾ | : | പ്രീപ്രൈമറി, 1 മുതൽ 5 വരെ |
| മാനേജ്മെന്റ് | : | മാനേജർ |
| പഠന മാധ്യമം | : | മലയാളം & ഇംഗ്ലീഷ് |

# ആമുഖം

പാലക്കാട് ജില്ലയിലെ പുതുക്കോട് ഗ്രാമപഞ്ചായത്തിൽ തെക്കേപ്പൊറ്റ എന്ന കൊച്ചുഗ്രാമത്തിലാണ് കൊട്ടാരശ്ശേരി എ.എൽ.പി.എസ് സ്ഥിതിചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് മികവ് പുലർത്തി മാതൃകയായി നിലകൊള്ളുന്ന വിദ്യാലയമാണിത്. സബ്ജില്ലാ തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിലും കലാ, കായിക മത്സരങ്ങളിലും പരിശീലനം നൽകി മികവാർന്ന വിജയം നേടാനും സ്കൂളിന കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷകരിച്ച് നടപ്പിലാക്കാൻ സ്കൂളിന കഴിയുന്നു. സർഗ്ഗാത്മക ശേഷി വികസനത്തിനായുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ സ്കൂളിന്റെ ബാന്റ് ട്രൂപ്പ് മികച്ചു നിൽക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന സാഹചര്യമൊരുക്കുക എന്ന ഒരു ലക്ഷ്യം കൂടി ഈ വർഷം മുന്നോട്ട് വയ്ക്കുന്നു.

അക്കാദമിക രംഗത്തെ മികവിനു കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിനു ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന പി.ടി.എ യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പ് വരുത്താൻ കഴിയുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹ ത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

## എ.എൽ.പി.എസ് കൊട്ടാരശ്ശേരി - ഇന്ന്

6 പ്രൈമറി അധ്യാപകരും 2 പ്രീപ്രൈമിറ അധ്യാപകരും 2 അനധ്യാപകരും അടങ്ങുന്നതാണ് സ്റ്റാഫ്. വിദ്യാർത്ഥികൾ സബ്ജില്ലയിൽ തന്നെ എൽ.പി വിഭാഗത്തിൽ ബാന്റ് ട്രൂപ്പുള്ള സ്കൂൾ. സബ്ജില്ലാതലത്തിൽ കലാ കായികമേളയിൽ മികച്ച വിജയം നേടിയ സ്കൂൾ. എൽ.പി വിഭാഗത്തിൽ പഞ്ചായത്ത് തലത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ. എന്നിങ്ങനെ ഖ്യാതികൾ നിരവധി.

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ (എൽ.പി വിഭാഗത്തിൽ) മികച്ച വിജയം നേടുന്നുവെങ്കിലും ക്ലാസ്സ്മുറികൾ ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല എന്നതും വേണ്ടത്ര ക്ലാസ്സ് മുറികൾ ഇല്ലാത്തതും പരിമിതിയാണ്. കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് കമ്പ്യൂട്ടർ ലാബ് ഒരുക്കി ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, വികസന ലക്ഷ്യങ്ങൾ.

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായസമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ലൈബ്രറി ശാക്തീകരണം
6. പച്ചക്കറി, ഔഷധതോട്ടം ഒരുക്കൽ
7. സ്കോളർഷിപ്പ് പരിശീലനം
8. പഠനയാത്രകൾ
9. സ്കൂൾ പത്രം
10. അധ്യാപക ശാക്തീകരണം - സ്കൂൾ എസ്.ആർ.ജി തലം.
11. പ്രവൃത്തി പരിചയം പരിശീലനം.
12. കലാപരിപോഷണം.
13. മെഡിക്കൽ ക്യാമ്പുകൾ.
14. രക്തഗ്രൂപ്പ് നിർണയം.
15. ഫുഡ് ഫെസ്റ്റ്
16. സാമൂഹ്യസേവനം - എന്റെ കൈത്താങ്ങ്, കാരുണ്യനിധി.
17. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ.
18. മെഗാക്വിസ് മത്സരം.
19. ജന്മദിനപുസ്തകം - അമ്മവായന - വീട്ടിലൊരു ലൈബ്രറി.
20. ക്ലാസ് പി.ടി.എ- കാര്യക്ഷമമാക്കൽ/കോർണർ പി.ടി.എ
21. എക്സിബിഷൻസ്.
22. അടുക്കളത്തോട്ടം.

# വിദ്യാലയചരിത്രം

1941 ൽ കൊട്ടാരശ്ശേരി എന്ന സ്ഥലത്താണ് ഈ നാട്ടിലെ ജനങ്ങളുടെ സ്വപ്നമായിരുന്ന കൊട്ടാരശ്ശേരി എൽ.പി.എസ് എന്ന ഈ സ്ഥാപനം സ്ഥാപിതമായത്. ശ്രീ.സെയ്ത് മുഹമ്മദ് മുസ്ലിയാരാണ് ഈ സ്ഥാപനം തുടങ്ങിയത്. ആ സമയം ഈ സ്കൂൾ ഓലമേഞ്ഞതായിരുന്നു. 1946 ലാണ് സ്കൂളിന ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്നത്. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളുള്ള മാപ്പിള സ്കൂൾ എന്നാണ് ഈ വിദ്യാലയം ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. നാല് അധ്യാപകരും ഇരുപതിൽ താഴെ കുട്ടികളുമായാണ് വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. വാഹനസൗകര്യം ഒന്നും അന്നില്ലാതിരുന്ന തിനാൽ 2 കി.മീ ഓളം നടന്ന് കുട്ടികൾ സ്കൂളിൽ എത്തിയിരുന്നു. ആദ്യ അഡ്മിഷൻ എടുത്ത കുട്ടി മുഹമ്മദലി ആയിരുന്നു. ഓരോ ഡിവിഷനായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ആദ്യ പ്രഥമ അധ്യാപകൻ ശ്രീ. സെയ്ദ് മുഹമ്മദ് മുസ്ലിയാരാണ്. 1980 കൾ ആയപ്പോഴേക്കും ഓരോ ക്ലാസുകളിലും മൂന്ന് ഡിവിൻ വീതമുള്ള സ്കൂളായി ഉയർന്നു. പിന്നീടാണ് ഈ വിദ്യാലയം തെക്കേപൊറ്റ എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത്. ആദ്യമായി കൊട്ടാരശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചതി നാലാണത്രേ വിദ്യാലയത്തിന കൊട്ടാരശ്ശേരി എ.എൽ.പി.എസ് എന്ന നാമകരണം ഉണ്ടായത്. തെക്കേപൊറ്റ എന്ന കൊച്ചുഗ്രാമത്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി കൊട്ടാരശ്ശേരി എൽ.പി.എസ് ഇന്നും തലയെടുപ്പോടെ മുന്നേറുന്നു.

<u>പ്രവർത്തനം വിശദാംശങ്ങൾ</u>

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പാ നിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ SRG അ | PTA |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | 1) ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2) ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3) പുതുവർഷം പുസതക വർഷം<br>4) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5) സ്കൂൾ ലൈബ്രറി നവീകരണം<br>6) വായനോത്സവം<br>7) ജന്മദിന പുസ്തകം<br>8) പത്രവായന | 6 മാസം<br>1 വർഷം<br>ആവശ്യമനുസരിച്ച്<br>6 മാസം<br>1 വർഷം | വിദ്യാരംഗം ചാർജ്<br>മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ SRG | PTA |
| | | | | |

## ഉപമേഖല – ഇംഗ്ലീഷ് പഠനം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ഇംഗ്ലീഷിൽ പ്രസംഗം, ആക്ഷൻസോങ്, Role play തുടങ്ങിയവ സംഘടിപ്പിക്കൽ<br>3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല<br>4) ഇംഗ്ലീഷിൽ ഡയറി എഴുത്ത് ഓരോ കുട്ടിയും Std .V | എല്ലാ ക്ലാസ്സും<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br>ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി , ക്ലസ് ടീച്ചർ ഇൻചാർജ്<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപകർ | |

## ഉപമേഖല – ഇംഗ്ലീഷ് പഠനം

### പ്രവർത്തനം 2 - ഇംഗ്ലീഷ് തീയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക വികസനം | 1) ഇംഗ്ലീഷ് കഥ, കവിത –രചനം ക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ (CPTA കാണിക്കൽ) | 1 മാസത്തിൽ ഒരിക്കൽ 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ പ്രാദേശിക സഹായം |

| ഉപമേഖല – ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ – മാർച്ച് | SRG | |

| ഉപമേഖല – സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | SS Teachers | |

| ഉപമേഖല – പഠനയാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർ ചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 1 വർഷത്തിൽ | SS Teachers | PTA |

## ഉപമേഖല – സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തി യുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങി യവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, SS Club | ജനപ്രതിനിധികൾ, പി.ടി.എ |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന- പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂ ടെ ലഭ്യമാക്കൽ, ഓരോ ക്ലാസിനും ഓരോ പത്രം, രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്രക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | Class Teachers<br>Malayalam Teacher | പി.ടി.എ |
| 2. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കു വെക്കൽ കവിതാലാപന മത്സരം<br>ക്ലാസ്തല, സ്കൂൾ തല പത്രം പ്രസിദ്ധീ കരിക്കൽ<br>പുസ്തക ചർച്ച പുസ്തകാസ്വാദനം ഇ -വായന | മാസത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ 6 മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ 1 തവണ | SRG വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം | PTA<br>PTA Sponsorship<br>PTA |

| | | | | |
|---|---|---|---|---|
| | സാഹിത്യകാരനുമായി സംവദിക്കൽ<br><br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | വർഷത്തിൽ 1 തവണ<br><br>ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം SRG<br><br>വിദ്യാരംഗം | പി.ടി.എ |

## സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | ISS സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 1 വർഷത്തിൽ 3 മാസം | Science Teacher | |

## മേഖല – അക്കാദമികം – സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **CPTA** ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | **CPTA** യോഗം കാര്യക്ഷമമായി നടത്തൽ കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെപോയ പഠനനേട്ടം തുടങ്ങിവയുടെ അവതരണം **CPTA** യിൽ കോർണർ പി.ടി.എ | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, Class Teacher | |

## ഉപമേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1) ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണങ്ങൾ പൊതുസമൂഹത്തിന മുന്നിൽ പ്രദർശിപ്പിക്കൽ. | 1 തവണ വർഷത്തിൽ | Science Club | പി.ടി.എ |
| | 2) സ്കൂൾ തല സയൻസ് എക്സിബിഷൻ | 1 തവണ വർഷത്തിൽ | Science Club | പി.ടി.എ |
| | 3) ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം ബൈ സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | Science Club | പി.ടി.എ |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 തവണ | സയൻസ് ക്ലബ് | പി.ടി.എ |
| 3. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി, കുട്ടി -കുട്ടി, (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം.. | ആഴ്ചയിൽ 2 ദിവസം | SRG Science Teacher | |
| 4.ശാസ്ത്ര മാസിക. ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക | 6 മാസത്തിൽ ഒരിക്കൽ | SRG Science Teacher | |

| | | | | |
|---|---|---|---|---|
| | ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | | | |

## പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ<br><br>2..നെല്ലിമരം സംരക്ഷണം | ഔഷധസസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം<br><br>സ്കൂൾ മുറ്റത്തെ നെല്ലിമരത്തിന പൂർണ്ണ സംരക്ഷണമൊരുക്കൽ | 1 മാസം<br><br>എല്ലാ ദിവസവും | Science Club<br><br>Science Club | പി.ടി.എ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഗണിത പഠന പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമാക്കൽ | 1. കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു.<br>2. ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വദ്യാലായമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ | ഗണിതക്കിറ്റ് സജ്ജീകരണം<br><br>ജൂൺ ജൂലായ് | PTA Maths Teacher<br><br>,, ,, | പി.ടി.എ |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1.വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | ഉറപ്പിക്കുന്നു.<br>2. ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാനഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ |

## ഹിന്ദി

## മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | 1. ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറു പുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>2. ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>3. ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>4. ഹിന്ദി നാടകം നടത്തുക.<br>5. ഹിന്ദി കവിതാലാപനം പരിപോഷിപ്പിക്കുക | 2 മാസം<br>ആവശ്യമനുസരിച്ച് | Hindi Teacher<br>,, ,,<br>,,<br>,,<br>,,<br>,, | പി.ടി.എ |

## കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും | കായികാ | ആഴ്ചയിൽ | |

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കൽ. കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ഫുട്ബോൾ, വോളിബോൾ സംബന്ധിച്ചുള്ള മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന ആവശ്യമായ പരിശീലനം നൽകൽ | ധ്യാപകൻ (ഇൻചാർജ്ജ്) | ആറ് ദിവസം | പി.ടി.എ |

## കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | *കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. * സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | കലാധ്യാപകർ & എസ്.ആർ.ജി | 2023 ജൂൺ മുതൽ | അധ്യാപകർ മാനേജ്മെന്റ് |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച | 1 വർഷത്തിൽ 1 മാസം | എസ്.ആർ.ജി | തദ്ദേശ സ്ഥാപനം |

| | | | | |
|---|---|---|---|---|
| | ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | | | |

## കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകാൻ, നല്ല വ്യക്തിത്വമുള്ളവരാക്കൽ | *ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ. * ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസലിങ് ഫലപ്രദമാക്കൽ, ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്. | കൗൺസിലേഴ്സ് | ജൂണിൽ തുടങ്ങി എല്ലാദിവസവും | |

# ഉപസംഹാരം

കൊട്ടാരശ്ശേരി എ.എൽ.പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജപ്രതിനിധികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.

*************